"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം എടരിക്കോട്, പികെഎംഎം എച്ച്എസ്എസ് ലെ മാനേജർ ഫയൽ ചെയ്ത 47161/2025 നമ്പർ റിട്ട് പെറ്റീഷനിൽ 17/12/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3723/2026/GEDN തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-

1. മാനേജരുടെ 10.06.2025 ലെ റിവിഷൻ ഹർജി. (Ext. P5)
2. റിട്ട് ഹർജി നം. 47161/2025 നമ്പർ റിട്ട് പെറ്റീഷനിൽ 17/12/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.02.2026 തീയതിയിലെ EM2/1220/2026/DGE നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

മലപ്പുറം എടരിക്കോട്, പികെഎംഎം എച്ച്എസ്എസ് -ലെ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി 47161/2025 മേലുള്ള 17/12/2025 തീയതിയിലെ പരാമർശം (2) വിധിന്യായ പ്രകാരം, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി5 റിവിഷൻ ഹർജിയിൽ ഹർജിക്കാരനെ കേട്ട് വിധി പകർപ്പ് കിട്ടി മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 10.02.2026 ൽ നേരിൽ കേട്ടു.

3. മലപ്പുറം ജില്ലയിലെ പികെഎംഎം എച്ച്എസ്എസ് എടരിക്കോടിലെ എഫ്.ടി.എം ശ്രീ സുധീഷ് എം -നെ 02/05/2023 ൽ സർവീസിൽ നിന്നും നീക്കം ചെയ്ത ഒഴിവിൽ മാനേജർ 01/03/2024 മുതൽ ശ്രീ നൗഫൽ ഇബ്രാഹിമിനെ എഫ്.ടി.എം തസ്തികയിൽ നിയമിച്ചു. ടി നിയമനം 01/11/2023 ലെ ജെആർ1/502/2023 കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീം കോടതിയിലും, ബഹു. ഹൈക്കോടതിയിലുമായി നിലനിൽക്കുന്ന ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട കേസുകളുടെ അന്തിമ വിധിക്കു വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു. 21/10/2024 ൽ ലഭ്യമായ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശ്രീ നൗഫൽ ഇബ്രാഹിമിന്റെ നിയമനം ഭിന്നശേഷി നിയമനമായി അംഗീകരിക്കണമെന്ന് പരാമർശം (1) റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടു.

4. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പൊതുവിദ്യാഭ്യാസ (ജെആർ) വകുപ്പിലെ 11/04/2024 ലെ ജെആർ1/17/2024 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തുന്നതു

സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചത് എച്ച്2/295299/ഡിജിഇ പരിപത്രം പ്രകാരം 23/11/2022 തീയതിയിലാണെന്ന വസ്തുത കണക്കിലെടുത്തും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഒട്ടനവധി നിയമനങ്ങൾക്ക എംപ്ലോയ്മെന്റ് മുഖേനയല്ല നിയമനം എന്നതിനാൽ അംഗീകാരം ലഭിക്കാതെ തുടരുന്ന സാഹചര്യം കണക്കിലെടുത്തും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/11/2022 ലെ സർക്കുലർ തീയതിയിലോ, അതിനു മുമ്പോ ഏതെങ്കിലും എയ്ഡഡ് സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ഭിന്നശേഷിയുള്ളവരുടെ നിയമനം മാനേജർമാർ നേരിട്ട് നടത്തിയിട്ടുണ്ടെങ്കിൽ, പ്രസ്തുത നിയമനങ്ങൾ ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കാമെന്നും ടി തീയതിക്കു (23/11/2022) ശേഷമുള്ള നിയമനങ്ങൾ 25/06/2022 ലെ സ.ഉ.(കൈ)111/2022/ജിഇഡിഎൻ സർക്കാർ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളതാണെങ്കിൽ മാത്രം ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിച്ചാൽ മതിയാകും എന്നും അറിയിച്ചിരുന്നു. ശ്രീ നൗഫൽ ഇബ്രാഹിമിനെ മാനേജർ എഫ് ടി എം തസ്തികയിൽ നിയമനം നൽകിയിരിക്കുന്നത് 01/03/2024 ലാണ്. ടിയാനെ നിയമിക്കുന്നതിനുള്ള ഒഴിവ് സംജാതമായിരിക്കുന്നത് 02/05/2023 ന മാത്രമാണ്. ഈ ഒഴിവ് ഭിന്നശേഷി നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുമില്ല. ശ്രീ നൗഫൽ ഇബ്രാഹിമിന് ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭ്യമായത് തന്നെ 21/10/2024 നാണ്. അതായത് നിയമന തീയതിയിൽ ഭിന്നശേഷി സർട്ടിഫിക്കറ്റുമില്ല. ആയതിനാൽ ശ്രീ നൗഫൽ ഇബ്രാഹിമിന്റെ നിയമനം ഭിന്നശേഷി സംവരണ പ്രകാരമുള്ള നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കണമെന്ന മാനേജരുടെ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ നൗഫൽ ഇബ്രാഹിമിന്റെ നിയമനം ഭിന്നശേഷി നിയമനമായി അംഗീകരിച്ചു നൽകണണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച റിവിഷൻ പെറ്റീഷൻ നിരസിച്ച് അപ്രകാരം മലപ്പുറം എടരിക്കോട്, പികെഎംഎം എച്ച്എസ്എസ് ലെ മാനേജർ ഫയൽ ചെയ്ത 47161/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 17/12/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി).

മാനേജർ, പി.കെ.എം.എം എച്ച്.എസ്.എസ്., എടരിക്കോട്, മലപ്പുറം - 676 501.

ശ്രീ നൗഫൽ ഇബ്രാഹിം, എഫ് ടി എം, പി.കെ.എം.എം എച്ച്.എസ്.എസ്., എടരിക്കോട്, മലപ്പുറം - 676 501.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരൂരങ്ങാടി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (S2/205/2025-G.EDN)

ഉത്തരവിൻ പ്രകാരം

Signed by Resmi Babu

സെക്ഷൻ ഓഫീസർ

Date: 03-06-2026 09:15:12

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.